**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ -688001**

**ഫോൺ:0477-2251349;ഇ-മെയിൽ: prdalppy@gmail.com,**

**വെബ് സൈറ്റ്: www.prd.kerala.gov.in**

**പത്രക്കുറിപ്പ് 2 "ഭരണഭാഷ-മാതൃഭാഷ" 2020 ജനുവരി 23 വ്യാഴം**

---

## വനിതകൾക്ക് തെങ്ങുകയറ്റത്തിൽ പരിശീലനം നൽകി

ആലപ്പുഴ: കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ വനിതകൾക്ക് തെങ്ങു കയറ്റ പരിശീലനം നൽകി. മഹിളാ കിസാൻ സശാക്തീകരൺ പരിയോജനയുടെ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി പ്രകാരമാണ് പരിശീലനം നൽകിയത്. 11 വനിതകൾക്കാണ് പരിശീലനം. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രഭ മധു പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് സെക്രട്ടറി കെ. എ. തോമസ്, ബ്ലോക്ക് മെമ്പർ സെക്രട്ടറി മിനി പോൾ, എം.കെ.എസ്.പി. സി.ഇ.ഒ നാരായണൻ, കോർഡിനേറ്റര് മിനിമോൾ, മാസ്റ്റർ ട്രെയ്നര് സിസിലി തുടങ്ങിയവര് പങ്കെടുത്തു. നാലു ദിവസമായാണ് പരിശീലനം. അടുത്ത ഘട്ട പരിശീലനം ഫെബ്രുവരി ആദ്യം നടക്കും. താൽപര്യമുള്ളവര് ബന്ധപ്പെടേണ്ട ഫോൺ : 9633029480.( ചിത്രമുണ്ട് )

## ലഹരി വിരുദ്ധ ക്ലാസ്സ് നടത്തി

ആലപ്പുഴ: 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' തീവ്രയജ്ഞ ബോധവത്ക്കരണ പരിപാടിയുടെ ഭാഗമായി കളക്ടറേറ്റിൽ ലഹരി വിരുദ്ധ ക്ലാസ്സ് നടത്തി. കളക്ടറേറ്റ് കോൺഫറൻസ് ഹാളില് നടന്ന പരിപാടിയിൽ എക്സൈസ് പ്രിവന്റീവ് ഓഫീസര് മനോജ് കുമാര്

ക്ലാസ്സ് നയിച്ചു. ഹുസൂർ ശിരസ്തദാര് ഒ.ജെ ബേബി അധ്യക്ഷത വഹിച്ചു. വിവിധ വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്തു.